**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1382** **11-09-2023 - ൽ മറുപടിയ്ക്ക്**

**പ്രധാന ജംഗ്ക്ഷനുകൾ വികസിപ്പിവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അടിസ്ഥാന സൗകര്യവികസനം നഗര, ഗ്രാമ ഭേദമന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | **നിരത്ത് വിഭാഗം**<br><br>പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി റോഡുകൾ ബി.എം. & ബി.സി നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും ബി.എം. & ബി.സി നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. അടിസ്ഥാന സൗകര്യ വികസനം നഗരഗ്രാമ ഭേദമെന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയും നബാർഡ് ധനസഹായത്തോടെയും ഉൾപ്പെടെ വിവിധ പദ്ധതികൾ നിരവധി റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കി വരുന്നുണ്ട്.<br><br>**പാലങ്ങൾ വിഭാഗം**<br><br>അടിസ്ഥാന സൗകര്യ വികസനം നഗര ഗ്രാമ ഭേദമെന്യേ ഒരുപോലെ എത്തിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു ശ്രദ്ധിക്കുന്നു. കൂടാതെ 144 പാലം പ്രവൃത്തികൾക്ക് ഭരണാനുമതി/ പുനർ ഭരണാനുമതി നൽകിയിട്ടുമുണ്ട്.<br><br>**കെ.ആർ.എഫ്.ബി.**<br><br>അടിസ്ഥാന സൗകര്യവികസനം നഗര, ഗ്രാമ ഭേദമന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി |

കെ.ആർ.എഫ്.ബി. വിഭാവനം ചെയ്ത പ്രവൃത്തികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.

**<u>ആർ.ബി.ഡി.സി.കെ</u>**

സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകളിലൊന്നായ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഉൾപ്പെട്ട കുണ്ടന്നൂർ ജംഗ്ഷൻ വികസിപ്പിക്കുന്നതിന് 26.04.2022 ലെ ജി. ഒ. (എം.എസ്) 13/2022/പി. ഡബ്ല്യൂ.ഡി നം. ഉത്തരവ് പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ കിഫ്ബി മുമ്പാകെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും, 30.03.2023 ലെ പി.ഡബ്ല്യൂ.ഡി. 009-06/ടി ഇ-1/2023/കിഫ്ബി നം. ഉത്തരവ് പ്രകാരം പദ്ധതി നിർവ്വഹണത്തിനായി കിഫ്ബിയിൽ നിന്നും 10.53 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. തുടർന്ന് 06-05-2023 ലെ കത്ത് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ആർ.ബി.ഡി.സി.കെ എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 26.06.2023 ലെ എറണാകുളം ജില്ലാകളക്ടറുടെ സി.4-4616/23 നം. നടപടിക്രമം പ്രകാരം എറണാകുളം കിഫ്ബി പൊന്നും വില യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കിഫ്ബിയെ ഭൂമി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

22.05.2023 ലെ ജി.ഒ.(ആർ.ടി)1954/2023/ ആർ.ഡി.04.08.2023 ലെ ജി.ഒ.(ആർ 1) 2878/2023/ആർ.ഡി. എന്നീ നം. ഉത്തരവുകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതി നുള്ള റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**<u>കെ.ആർ.എഫ്.ബി - പി.എം.യു</u>**

കിഫ്ബിയുടെ സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ കെ ആർ എഫ് ബി ,പി എം യൂ ന്റെ കീഴിൽ അടിസ്ഥാന സൗകര്യ വികസനം നഗര ഗ്രാമ ഭേദമന്യെ നടപ്പാക്കുന്നതിൻെറ ഭാഗമായി മലയോര പ്രദേശത്തിന്റെ സമഗ്ര വികസനം മുൻ നിർത്തി മലയോര ഹൈവേയും തീരപ്രദേശത്തിന്റെ സമഗ്ര വികസനം മുൻനിർത്തി തീരദേശ ഹൈവേയും

| | | | |
|---|---|---|---|
| | | | കൂടാതെ വിവിധ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ 20 ജംഗ്ഷനുകളുടെ വികസനത്തിനായി 2022 -2023 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 05 .11 .2022 ലെ GO (Rt ) നം.1069 / 1022 / PWD പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി നൽകി. തുടർന്ന് പ്രസ്തുത ജംഗ്ഷനുകളുടെ ലാൻഡ് അക്വിസിഷൻ പ്ലാൻ ,DPR എന്നിവ തയ്യാറാകുന്നതിന് PWD ഡിസൈൻ വിങ്ങിനെ ചുമതലപ്പെടുത്തി. തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്ക് - സാന്ത്വന ജംഗ്ഷൻ, കൊല്ലം ജില്ലയിലെ പള്ളിമുക്ക് ജംഗ്ഷൻ, പാലക്കാട് ജില്ലയിലെ കുറ്റനാട് ജംഗ്ഷൻ, കോഴിക്കോട് ജില്ലയിലെ ഫാറൂഖ് -പേട്ട ജംഗ്ഷൻ ,കണ്ണൂർ ജില്ലയിലെ ചക്കരക്കൽ ജംഗ്ഷൻ എന്നിവയുടെ ഇതിനോടകം LA പ്ലാൻ തയ്യാറാക്കി കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി നേടിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് സാമ്പത്തിക അനുമതി ലഭിച്ച 5 ജംഗ്ഷനുകളിൽ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിലാണ്.<br><br>**കെ.എസ്.ടി.പി**<br><br>അടിസ്ഥാന സൗകര്യ വികസന ലക്ഷ്യം പൂർത്തീകരിക്കാനായി സംസ്ഥാനത്തെ റോഡുകളുടെ ഗതാഗത നിലവാരം വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാര ത്തിൽ റോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് കെ.എസ്.റ്റി.പി ദീർഘദൂര പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. കൂടാതെ കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണവും കെ.എസ്.റ്റി.പി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ പ്രധാന ജംഗ്ക്ഷനുകൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്; പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (ബി) | **നിരത്ത് വിഭാഗം**<br><br>പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി റോഡുകൾ ബി.എം. & ബി.സി നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും ബി.എം. & ബി.സി നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി ഉയർത്താൻ |

ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. അടിസ്ഥാന സൗകര്യ വികസനം നഗരഗ്രാമ ഭേദമെന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയും നബാർഡ് ധനസഹായത്തോടെയും ഉൾപ്പെടെ വിവിധ പദ്ധതികൾ നിരവധി റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കി വരുന്നുണ്ട്.

**<u>പാലങ്ങൾ വിഭാഗം</u>**

അടിസ്ഥാന സൗകര്യ വികസനം നഗര ഗ്രാമ ഭേദമെന്യേ ഒരുപോലെ എത്തിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു ശ്രദ്ധിക്കുന്നു. കൂടാതെ 144 പാലം പ്രവൃത്തികൾക്ക് ഭരണാനുമതി/ പുനർ ഭരണാനുമതി നൽകിയിട്ടുമുണ്ട്.

**<u>കെ.ആർ.എഫ്.ബി.</u>**

അടിസ്ഥാന സൗകര്യവികസനം നഗര, ഗ്രാമ ഭേദമന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി കെ.ആർ.എഫ്.ബി. വിഭാവനം ചെയ്ത പ്രവൃത്തികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.

**<u>ആർ.ബി.ഡി.സി.കെ</u>**

സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകളുലൊന്നായ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഉൾപ്പെട്ട കുണ്ടന്നൂർ ജംഗ്ഷൻ വികസിപ്പിക്കുന്നതിന് 26.04.2022 ലെ ജി. ഒ. (എം.എസ്) 13/2022/പി. ഡബ്ല്യൂ.ഡി നം. ഉത്തരവ് പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) നെ ച്ചമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ കിഫ്ബി മുമ്പാകെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും, 30.03.2023 ലെ പി.ഡബ്ല്യൂ.ഡി. 009-06/ടി ഇ-1/2023/കിഫ്ബി നം. ഉത്തരവ് പ്രകാരം പദ്ധതി നിർവ്വഹണത്തിനായി കിഫ്ബിയിൽ നിന്നും 10.53 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. തുടർന്ന് 06-05-2023 ലെ കത്ത് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ആർ.ബി.ഡി.സി.കെ എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 26.06.2023 ലെ എറണാകുളം

ജില്ലാകളക്ടറുടെ സി.4-4616/23 നം. നടപടിക്രമം പ്രകാരം എറണാകുളം കിഫ്ബി പൊന്നും വില യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കിഫ്ബിയെ ഭൂമി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

22.05.2023 ലെ ജി.ഒ.(ആർ.ടി)1954/2023/ ആർ.ഡി.04.08.2023 ലെ ജി.ഒ.(ആർ 1) 2878/2023/ആർ.ഡി. എന്നീ നം. ഉത്തരവുകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതി നുള്ള റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**<u>കെ.ആർ.എഫ്.ബി - പി.എം.യു</u>**

കിഫ്ബിയുടെ സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ കെ ആർ എഫ് ബി ,പി എം യു ന്റെ കീഴിൽ അടിസ്ഥാന സൗകര്യ വികസനം നഗര ഗ്രാമ ഭേദമന്യെ നടപ്പാക്കുന്നതിൻെറ ഭാഗമായി മലയോര പ്രദേശത്തിന്റെ സമഗ്ര വികസനം മുൻ നിർത്തി മലയോര ഹൈവേയും തീരപ്രദേശത്തിന്റെ സമഗ്ര വികസനം മുൻനിർത്തി തീരദേശ ഹൈവേയും കൂടാതെ വിവിധ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്തെ 20 ജംഗ്ഷനുകളുടെ വികസനത്തിനായി 2022 -2023 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 05 .11 .2022 ലെ GO (Rt ) നം.1069 / 1022 / PWD പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി നൽകി. തുടർന്ന് പ്രസ്തുത ജംഗ്ഷനുകളുടെ ലാൻഡ് അക്വിസിഷൻ പ്ലാൻ ,DPR എന്നിവ തയ്യാറാകുന്നതിന് PWD ഡിസൈൻ വിങ്ങിനെ ചുമതലപ്പെടുത്തി. തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്ക് - സാന്ത്വന ജംഗ്ഷൻ, കൊല്ലം ജില്ലയിലെ പള്ളിമുക്ക് ജംഗ്ഷൻ, പാലക്കാട് ജില്ലയിലെ കൂറ്റനാട് ജംഗ്ഷൻ, കോഴിക്കോട് ജില്ലയിലെ ഫാറൂഖ് -പേട്ട ജംഗ്ഷൻ ,കണ്ണൂർ ജില്ലയിലെ ചക്കരക്കൽ ജംഗ്ഷൻ എന്നിവയ്ക്കു ഇതിനോടകം LA പ്ലാൻ തയ്യാറാക്കി കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി നേടിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് സാമ്പത്തിക അനുമതി ലഭിച്ച 5 ജംഗ്ഷനുകളിൽ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിലാണ്.

| | | | |
|---|---|---|---|
| | | | **<u>കെ.എസ്.ടി.പി</u>**<br><br>അടിസ്ഥാന സൗകര്യ വികസന ലക്ഷ്യം പൂർത്തീകരിക്കാനായി സംസ്ഥാനത്തെ റോഡുകളുടെ ഗതാഗത നിലവാരം വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാര ത്തിൽ റോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് കെ.എസ്.റ്റി.പി ദീർഘദൂര പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. കൂടാതെ കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണവും കെ.എസ്.റ്റി.പി നടപ്പിലാക്കുന്നുണ്ട്. |
| (സി) | പ്രധാന ജംഗ്ക്ഷനുകളുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (സി) | **<u>നിരത്ത് വിഭാഗം</u>**<br><br>പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി റോഡുകൾ ബി.എം. & ബി.സി നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും ബി.എം. & ബി.സി നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. അടിസ്ഥാന സൗകര്യ വികസനം നഗരഗ്രാമ ഭേദമെന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയും നബാർഡ് ധനസഹായത്തോടെയും ഉൾപ്പെടെ വിവിധ പദ്ധതികൾ നിരവധി റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കി വരുന്നുണ്ട്.<br><br>**<u>പാലങ്ങൾ വിഭാഗം</u>**<br><br>അടിസ്ഥാന സൗകര്യ വികസനം നഗര ഗ്രാമ ഭേദമെന്യേ ഒരുപോലെ എത്തിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു ശ്രദ്ധിക്കുന്നു. കൂടാതെ 144 പാലം പ്രവൃത്തികൾക്ക് ഭരണാനുമതി/ പുനർ ഭരണാനുമതി നൽകിയിട്ടുമുണ്ട്.<br><br>**<u>കെ.ആർ.എഫ്.ബി.</u>**<br><br>അടിസ്ഥാന സൗകര്യവികസനം നഗര, ഗ്രാമ ഭേദമന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി കെ.ആർ.എഫ്.ബി. വിഭാവനം ചെയ്ത പ്രവൃത്തികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു. |

**ആർ.ബി.ഡി.സി.കെ**

സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകളിലൊന്നായ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഉൾപ്പെട്ട കുണ്ടന്നൂർ ജംഗ്ഷൻ വികസിപ്പിക്കുന്നതിന് 26.04.2022 ലെ ജി. ഒ. (എം.എസ്) 13/2022/പി. ഡബ്ല്യു.ഡി നം. ഉത്തരവ് പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ കിഫ്ബി മുമ്പാകെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും, 30.03.2023 ലെ പി.ഡബ്ല്യൂ.ഡി. 009-06/ടി ഇ-1/2023/കിഫ്ബി നം. ഉത്തരവ് പ്രകാരം പദ്ധതി നിർവ്വഹണത്തിനായി കിഫ്ബിയിൽ നിന്നും 10.53 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. തുടർന്ന് 06-05-2023 ലെ കത്ത് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ആർ.ബി.ഡി.സി.കെ എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 26.06.2023 ലെ എറണാകുളം ജില്ലാകളക്ടറുടെ സി.4-4616/23 നം. നടപടിക്രമം പ്രകാരം എറണാകുളം കിഫ്ബി പൊന്നും വില യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കിഫ്ബിയെ ഭൂമി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

22.05.2023 ലെ ജി.ഒ.(ആർ.ടി)1954/2023/ ആർ.ഡി.04.08.2023 ലെ ജി.ഒ.(ആർ 1) 2878/2023/ആർ.ഡി. എന്നീ നം. ഉത്തരവുകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതി നുള്ള റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**കെ.ആർ.എഫ്.ബി - പി.എം.യു**

കിഫ്ബിയുടെ സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ കെ ആർ എഫ് ബി ,പി എം യു ന്റെ കീഴിൽ അടിസ്ഥാന സൗകര്യ വികസനം നഗര ഗ്രാമ ഭേദമന്യെ നടപ്പാക്കുന്നതിൻെറ ഭാഗമായി മലയോര പ്രദേശത്തിന്റെ സമഗ്ര വികസനം മുൻ നിർത്തി മലയോര ഹൈവേയും തീരപ്രദേശത്തിന്റെ സമഗ്ര വികസനം മുൻനിർത്തി തീരദേശ ഹൈവേയും കൂടാതെ വിവിധ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനത്തെ 20 ജംഗ്ഷനുകളുടെ വികസനത്തിനായി 2022 -2023 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 05 .11 .2022 ലെ GO (Rt ) നം.1069 / 1022 / PWD പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി നൽകി. തുടർന്ന് പ്രസ്തുത ജംഗ്ഷനുകളുടെ ലാൻഡ് അക്വിസിഷൻ പ്ലാൻ ,DPR എന്നിവ തയ്യാറാകുന്നതിന് PWD ഡിസൈൻ വിങ്ങിനെ ചുമതലപ്പെടുത്തി. തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്ക് - സാന്ത്വന ജംഗ്ഷൻ, കൊല്ലം ജില്ലയിലെ പള്ളിമുക്ക് ജംഗ്ഷൻ, പാലക്കാട് ജില്ലയിലെ കൂറ്റനാട് ജംഗ്ഷൻ, കോഴിക്കോട് ജില്ലയിലെ ഫാറൂഖ് -പേട്ട ജംഗ്ഷൻ ,കണ്ണൂർ ജില്ലയിലെ ചക്കരക്കൽ ജംഗ്ഷൻ എന്നിവയ്ക്ക് ഇതിനോടകം LA പ്ലാൻ തയ്യാറാക്കി കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി നേടിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് സാമ്പത്തിക അനുമതി ലഭിച്ച 5 ജംഗ്ഷനുകളിൽ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിലാണ്.<br><br>**<u>കെ.എസ്.ടി.പി</u>**<br><br>അടിസ്ഥാന സൗകര്യ വികസന ലക്ഷ്യം പൂർത്തീകരിക്കാനായി സംസ്ഥാനത്തെ റോഡുകളുടെ ഗതാഗത നിലവാരം വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാര ത്തിൽ റോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് കെ.എസ്.റ്റി.പി ദീർഘദൂര പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. കൂടാതെ കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണവും കെ.എസ്.റ്റി.പി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## തിരുവനന്തപുരം നഗര പാത വികസന പദ്ധതി

തിരുവനന്തപുരം നഗര പാത വികസനത്തിന്റെ ഭാഗമായി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന രണ്ടു മേൽപ്പാലങ്ങളും ഒരു അടിപ്പാതയും ഉൾപ്പെടുത്തി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട 42.385 കി.മി. റോഡുകളുടെ വികസനമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. ഡി.ബി.എഫ്.ഒ.റ്റി. ആന്വിറ്റി വ്യവസ്ഥയിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം 15 വർഷത്തെ പരിപാലന ചുമതലയും കൺസഷണർ കമ്പനി നടത്തേണ്ടതായി നിഷ്കർഷിച്ചിട്ടുണ്ട്. 2004-ൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷണർ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് ആണ് പദ്ധതിയുടെ നിർമ്മാണവും ദീർഘകാല പരിപാലനവും നടത്തി വരുന്നത്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ ശേഷം വർഷത്തിൽ രണ്ടു പ്രാവശ്യമായി 17.749 കോടി രൂപ വീതം 15 വർഷത്തേക്ക് കൺസഷണർക്ക് ആന്വിറ്റിയായി നൽകണമെന്നാണ് കരാർ വ്യവസ്ഥ. നാൾ ഇതുവരെയായി 337.67 കോടി രൂപ കൺസഷണർക്ക് നൽകിയിട്ടുണ്ട്.

ഇവയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 14.268 കി.മി. റോഡും, രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 15.739 കി.മി. റോഡും, മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 7.600 കി.മി. റോഡും, നാലാം ഘട്ടത്തിലുൾപ്പെട്ട 4.778 കി.മി. റോഡും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

## കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം

സർക്കാർ ഉത്തരവ് G.O.(MS) No. 23/2014/PWD dated 26.02.2014 പ്രകാരം 37.305 കി.മി. റോഡിന്റെ വികസനത്തിന് വേണ്ടി 254.32 കോടിക്കുള്ള ഭരണാനുമതി ലഭിച്ചിരുന്നു. നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ ഘട്ടം 1 (എ)-ൽ 22.251 കി.മി. നീളത്തിലുള്ള റോഡുകളുടെ വികസനം ഡി.ബി.എഫ്.ഒ.റ്റി. സ്വകാര്യ ആന്വിറ്റി അടിസ്ഥാനത്തിൽ പങ്കാളിത്തത്തോടെ M/s. ULCCS Calicut City Infrastructure Development Pvt. Ltd. ഏറ്റെടുത്ത് നടപ്പിലാക്കി. 05.01.2016-ൽ ആരംഭിച്ച പദ്ധതി 15.12.2017-ൽ നിർമ്മാണ കാലയളവിന് മുൻപ് തന്നെ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു.

രണ്ടു ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കിയത്. ആദ്യഘട്ടത്തിലെ റോഡ് നിർമ്മാണം 01.09.2017-ലും രണ്ടാം ഘട്ടത്തിലെ റോഡ് നിർമ്മാണം 15.12.2017-ലും പൂർത്തിയാക്കി. നിലവിൽ പദ്ധതി 15 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് കാലഘട്ടത്തിലാണ്.

പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ ശേഷം വർഷത്തിൽ രണ്ടു പ്രാവശ്യമായി 23.11 കോടി രൂപ വീതം 15 വർഷത്തേക്ക് കൺസഷണർക്ക് ആന്വിറ്റിയായി നൽകണമെന്നാണ് കരാർ വ്യവസ്ഥ. നാളിതുവരെ 250.073 കോടി രൂപ കൺസഷണർക്ക് നൽകിയിട്ടുണ്ട്.

## കണ്ണൂർ നഗര പാത വികസന പദ്ധതി

കേരള റോഡ് ഫണ്ട് ബോർഡ് സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ നഗര പാത വികസന പദ്ധതിക്ക് 03.08.2017-ലെ സർക്കാർ ഉത്തരവ് G.O. (Rt) No. 1159/2017/PWD പ്രകാരം 401.467 കോടി രൂപയ്ക്ക് (ഭൂമി ഏറ്റെടുക്കുന്നതിന് ഒഴികെ) 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിക്കുകയുണ്ടായി. DBFOT-Annuity Mode-ൽ ഉള്ള ഈ പദ്ധതിയിൽ 11 റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. L&T Infrastructure Project ആണ് പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയത് (ഡി.പി.ആർ.)

പ്രസ്തുത പദ്ധതി പ്രകാരം ആകെ 11 കോറിഡോറുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 11 കോറിഡോറുകളിൽ കോറിഡോർ നം. 9, 10, 11 (ഫേസ് - 1) എന്നിവ ഒഴിച്ച് ബാക്കി എല്ലാ കോറിഡോറുകളും ഭൂമി ഏറ്റെടുത്താണ് റോഡ് നവീകരിക്കുന്നത്. നിലവിൽ ഭൂമി ഏറ്റെടുക്കേണ്ടതായ 8 കോറിഡോറുകളിൽ (ഫേസ് - 2, കോറിഡോർ 01, 03, 08, 12), (ഫേസ് - 3, കോറിഡോർ 02, 04, 05, 07) ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഫേസ് - 1 ന്റെ ടെണ്ടർ നടപടികൾക്ക് വേണ്ടി ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിക്കുകയും ടെണ്ടർ ഡോക്യുമെന്റ് കരട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## കൊല്ലം നഗര പാത വികസന പദ്ധതി

കൊല്ലം നഗര പാത വികസന പദ്ധതി നടപ്പാക്കുന്നതിന് DBFOT-Annuity Mode-ൽ നഗരത്തിലെ 23.76 കി.മി. നീളത്തിലുള്ള 3 റോഡുകളുടെ വികസനവും തുടർന്ന് 15 വർഷത്തെ

അവയുടെ പരിപാലനവുമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതികൾക്കായി 21.01.2022-ലെ സർക്കാർ ഉത്തരവ് G.O. (Rt) No. 74/2022/PWD പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി (inprinciple sanction). ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് കോ-ഓർഡിനേറ്ററെയും എൽ.എ. യൂണിറ്റിനെയും നിയമിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ കണ്ടിജൻസി ഫണ്ട് - 50 ലക്ഷം, ഭൂമി വിലയുടെ (688.83 കോടി), എസ്റ്റാബ്ലിഷ്മെന്റ് ചാർജ് 206.65 കോടി ലഭിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പദ്ധതിയുടെ ഭൂമി വില കുറച്ച് കൊണ്ട് രൂപരേഖ പരിഷ്കരിക്കുന്നതിന് സർക്കാർ കത്ത് നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഭൂമിവില കുറച്ച് പുതുക്കിയ പ്രൊപ്പോസൽ കണ്ടിജൻസി ഫണ്ട് - 50 ലക്ഷം, ഭൂമി വില - 435.64 കോടി, R&R - 107.74 കോടി, എസ്റ്റാബ്ലിഷ്മെന്റ് ചാർജ് - 130.69 കോടി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. -

**കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം I (ബി) - മാനാഞ്ചിറ വെള്ളിമാട്ക്കുന്ന് റോഡ്**

മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ്, കോഴിക്കോട് നഗര പാത വികസന പദ്ധതി - ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂമി ഏറ്റെടുക്കലിന് തടസ്സം നേരിട്ടതിനാൽ കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം I (ബി) ആയി മാറ്റുകയും, ടി പദ്ധിതിയുടെ വിശദമായ രൂപരേഖ പുനർമൂല്യ നിർണ്ണയം നടത്തി ഡിസൈൻ വിഭാഗം, പൊതുമരാമത്ത് വകുപ്പ് 8.392 കി.മി. റോഡിന് 131.21 കോടി രൂപയുടെ രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. ആയത് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ പ്രവർത്തികൾ പുരോഗമിക്കുന്നു. -കോഴിക്കോട് നഗര പാത വികസന പദ്ധതി - ചെറുവണ്ണൂർ അരീക്കാട് മേൽപ്പാലം

06.06.2022-ലെ സർക്കാർ ഉത്തരവ് G.O.(Rt) No. 613/2022/PWD പ്രകാരം കോഴിക്കോടന നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കാടി മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടി പദ്ധതി DBFOT-Annuity Mode-ൽ 1.70 കി.മി. മേൽപ്പാല നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനം പൂർത്തിയായിട്ടുണ്ട്. ആയത് Expert Committee അംഗീകരിച്ചു. അരീക്കാട് മേൽപ്പാലത്തിന് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്, ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ സ്ട്രക്ച്ചറൽ വാല്യുവേഷൻ നടക്കുന്നു.

**കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം II**

കൂടാതെ 05.04.023–ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗ് പ്രകാരം കോഴിക്കോട് നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 12 റോഡുകളിൽ നിന്ന് മുൻഗണന പ്രകാരം 6 റോഡുകളുടെ പ്രൊപ്പോസൽ (കല്ലുത്താൻകടവ് മീഞ്ചന്ത, മിനി ബൈപ്പാസ് പനാത്തുത്താഴം, രാമനാട്ടുകര വട്ടക്കിണർ, മാനാഞ്ചിറ പാവനാട്, കരിക്കാംകുളം, സിവിൽ സ്റ്റേഷൻ കൊട്ടൂത്ത് റോഡ്, മങ്കാവ് – – പൊക്കുന്നു റോഡ്) ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 12 റോഡുകളുടെ ഭൂമി വിലയും നിർമ്മാണ ചെലവും പരിഗണിച്ച് cluster wise proposal സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.